**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4723** **13-03-2023 - ൽ മറുപടിയ്ക്ക്**

**കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം കനാലിന്റെ കരിങ്കൽ ഭിത്തി നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ -പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡിൽ തോട്ടുമുഖം ഭാഗത്തെ കീഴ്മാട് എൽ.ഐ. സ്കീം കനാലിന്റെ കരിങ്കൽ ഭിത്തി പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ 23.02.2022, 30.03.2022 തീയതികളിലെ അപേക്ഷകളിൽ (6362/VIP/M(WR)/2022 , 7215/VIP/M(WR)/2022 ) ചീഫ് എഞ്ചിനിയർ (ഐ & എ) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? ഈ വിഷയത്തിൽ ചീഫ് എഞ്ചിനിയർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡിൽ തോട്ടുമുഖം ഭാഗത്തെ കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ.അൻവർ സാദത്ത് എം.എൽ.എ നല്കിയ 6363/വി.ഐ.പി/എം (ഡബ്ല്യു.ആർ) 2022, തീയതി 21/02/2022, 7215/വി.ഐ.പി/എം (ഡബ്ല്യൂ.ആർ)2022, തീയതി. 30/03/2022 എന്നീ രണ്ടു കത്തുകളും 26/05/2022-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നല്കിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ കരിങ്കൽ ഭിത്തി പുനഃനിർമ്മിക്കുന്നതിനായി “Renovation work Keezhamad LIS-rectification works to the main canal of Keezhmad LIS near Ch:300m” എന്ന പ്രവൃത്തിക്ക് 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പ്രവൃത്തി എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? വ്യക്തമാക്കാമോ? | (ബി) | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡിൽ തോട്ടുമുഖം ഭാഗത്തെ കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് ശ്രീ.അൻവർ സാദത്ത് എം.എൽ.എ നല്കിയ 6363/വി.ഐ.പി/എം (ഡബ്ല്യു.ആർ) 2022, തീയതി 21/02/2022, 7215/വി.ഐ.പി/എം (ഡബ്ല്യൂ.ആർ)2022, തീയതി. 30/03/2022 എന്നീ രണ്ടു കത്തുകളും 26/05/2022-ൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും എറണാകുളം മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് |

| | | | |
|---|---|---|---|
| | | | അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നല്കിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. കീഴ്മാട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ കരിങ്കൽ ഭിത്തി പുനഃനിർമ്മിക്കുന്നതിനായി “Renovation work Keezhamad LIS-rectification works to the main canal of Keezhmad LIS near Ch:300m” എന്ന പ്രവൃത്തിക്ക് 46 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

Endt. on W2/R/58730/2022 dt 26/05/2022

ബഹു. MLA യുടെ കത്തിന്റെ പകർപ്പ് SE, MICC, EKM ന് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നൽകുന്നു.

Fcd
6/6

[signature] 26/5/22
ചീഫ് എഞ്ചിനീയർ
V.E.

58730
8/4/2022

**No. 7215/VIP/M/(WR)/20.22**

ANWAR SADATH
(ALUVA)
MEMBER
KERALA LEGISLATIVE ASSEMBLY
"OOLIKKARA HOUSE"
PARAMBAYAM
NEDUMBASSERY P. O.
PIN-683 585
OFFICE ALUVA : 0484-2623003

PHONE : 0471-2512337
PAMBA BLOCK-50, 51
M. L. A. HOSTEL
THIRUVANANTHAPURAM
E-mail : anwarsadath18@gmail.com

CAMP. തിരുവനന്തപുരം
DATE. 30/03/2022

**ശ്രീ.റോഷി അഗസ്റ്റിൻ**

ബഹു. ജലവിഭവ വകുപ്പ് മന്ത്രി

CE (IDRB) Pls consider the request and do the needful

ബഹുമാനപ്പെട്ട മന്ത്രി,

ആലുവ – പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡിൽ തോട്ടുമുഖം ഭാഗത്തെ കീഴ്മാട് എൽ.ഐ. സ്കീം കനാലിന്റെ കരിങ്കൽ കൊണ്ടുള്ള സൈഡ് ഭിത്തി വളരെ പഴക്കമേറിയതും അപകടാവസ്ഥയിൽ ഉള്ളതുമായതിനാൽ ആയത് പുനർ നിർമ്മിക്കേണ്ടത് അടിയന്തിര ആവശ്യമാണ്. കൂടാതെ കനാലിന് മുകളിൽ സ്ലാബ് സ്ഥാപിക്കേണ്ടതുമുണ്ട്. ഇതിനായി 43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. (PRICE ID : 2022/655/IA). ഈ വിഷയം അനുഭാവപൂർവ്വം പരിഗണിച്ച് ആവശ്യമായ ഫണ്ടും ഭരണാനുമതിയും നൽകുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

**അൻവർ സാദത്ത് ,എം.എൽ.എ.**
**(ആലുവ)**

റോഷി അഗസ്റ്റിൻ
ജലവിഭവ വകുപ്പ് മന്ത്രി

Works
W2
BP 7/4/22
Tapal received on 20/4/22

Office of the Minister for Water Resources

അൻവർ സാദത്ത്
(ആലുവ)
അംഗം
കേരള നിയമസഭ
"ഓലിക്കര ഹൗസ്"
പരമ്പയം
നെടുമ്പാശ്ശേരി പി. ഒ.
പിൻ-683 585
ഓഫീസ് ആലുവ : 0484-2623003

ഫോൺ : 0471-2512301
നെയ്യാർ ബ്ലോക്ക്-8A
എം. എൽ. എ. ഹോസ്റ്റൽ
തിരുവനന്തപുരം
E-mail : anwarsadath18@gmail.com

സ്ഥലം: തിരുവനന്തപുരം
തീയതി: 21/02/2022

ശ്രീ.റോഷി അഗസ്റ്റിൻ
ബഹു.ജലസേചന വകുപ്പ് മന്ത്രി

ബഹു . മന്ത്രി,

ആലുവ മൂന്നാർ ട്രാൻസ്പോർട്ട് റൂട്ടിലെ ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ തോട്ടുമുഖം ഭാഗത്തെ കനാലിന്റെ പലഭാഗങ്ങളും പൊളിഞ്ഞ് ദുർബ്ബലാവസ്ഥയിലാണ്. കനാലിന് പൂർണ്ണമായി അറ്റകുറ്റപണികൾ ചെയ്ത് ബലക്ഷയം പരിഹരിക്കുന്നതിന് 43 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. നിരവധി യാത്രക്കാരും കർഷകരും ആശ്രയിക്കുന്ന കനാലിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് 43 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

അൻവർ സാദത്ത്, എം.എൽ.എ.
ആലുവ